പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 2325

23.3.2012-ൽ മറുപടിക്ക്

## പുതിയ പൊതുമേഖലാ വ്യവസായ യൂണിറ്റുകൾ

ചോദ്യം

ശ്രീ.എളമരം കരീം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുതുതായി അനുവദിച്ച 8 പുതിയ പൊതുമേഖലാ വ്യവസായ യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്താണ് തടസ്സം എന്ന് വ്യക്തമാക്കുമോ;

(സി) എന്നത്തേയ്ക്ക് പ്രവർത്തനങ്ങൾ ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി)

**(എ), (ബി) & (സി)**

പുതിയതായി ആരംഭിച്ച പൊതുമേഖലാ വ്യവസായ ശാലകളിൽ യുണൈറ്റഡ് ഇലക്ട്രിക്കൽസിന്റെ യൂണിറ്റ് ഒഴികെ എല്ലാം തന്നെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും യന്ത്രസാമഗ്രികൾ സ്ഥാപിച്ച് വ്യവസായികാടിസ്ഥാനത്തിൽ ഉല്പാദനം ആരംഭിക്കാനുള്ള നിലയിലാണ്. എന്നാൽ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ പ്രാഥമികമായ പ്രവർത്തനങ്ങൾ മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. ഈ യൂണിറ്റുകളിലേയ്ക്ക് ആവശ്യമായ ജീവനക്കാരെ നിയമിച്ച് പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

Adithya

സെക്ഷൻ ഓഫീസർ